**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1313** **18-01-2021 - ൽ മറുപടിയ്ക്ക്**

**വി.എച്ച്.എസ്.ഇ.യിൽ കാലോചിതമായ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | വി.എച്ച്.എസ്.ഇ.യിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കണമെന്ന് ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ നൽകിയിരുന്നോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ, മികവിനായുള്ള വിദ്യാഭ്യാസം ഒന്നാം ഭാഗത്തിൽ, 'വി.എച്ച്.എസ്.ഇ യിൽ കാലോചിതമായ പരിഷ്കാരം' എന്ന് പ്രത്യേകം ശുപാർശ സമർപ്പിച്ചിട്ടില്ല. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിന്റെ ഭാഗമായുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് വി.എച്ച്.എസ്.ഇ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നീ ഡയറക്ടറേറ്റുകളെ ഏകോപിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ രൂപീകരിച്ച് പ്രവർത്തന ങ്ങൾ നടന്നുവരുന്നു. |
| (ബി) | ദേശീയാടിസ്ഥാനത്തിൽ എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും 2020-21 അക്കാഡമിക് വർഷത്തോടെ എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത വൊക്കേഷണൽ കോഴ്സുകൾ ആരംഭി ച്ചിട്ടുണ്ട്. |
| (സി) | വൊക്കേഷണൽ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ; | (സി) | വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം പൂർത്തീകരിച്ച വിദ്യാർത്ഥി കൾക്ക് പുതിയ എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത പാഠ്യപദ്ധതിപ്രകാരം ഹയർ സെക്കന്ററി ബോർഡാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. ഇത് വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം ദേശീയതലത്തിലും അന്തർദേശീയ തലത്തിലും സുഗമമാക്കുന്നു. |
| (ഡി) | സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ നൈപുണി വിദ്യാഭ്യാസ പദ്ധതിയിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; അത് വി.എച്ച്.എസ്.ഇ. വിദ്യാഭ്യാസം പൂർത്തിയാക്കിയവരുടെ പ്ലെയിസ്മെന്റിന് എത്രമാത്രം സഹായകമായി; വ്യക്തമാക്കുമോ; | (ഡി) | വൊക്കേഷണൽ ലാബുകളുടെ നവീകരണം, അധ്യാപക പരിശീലനം, വിദ്യാർത്ഥികൾ ക്കുള്ള ഓൺ ദി ജോബ് പരിശീലനം, വിദഗ്ധരുടെ ക്ലാസ്സുകൾ, അസ്സെസ്സ്മെന്റ് എന്നിവക്ക് സമഗ്ര ശിക്ഷയുടെ കൂടെ സഹായം ലഭിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ സാധിക്കുന്നു. ഇത് പ്ലേസ് മെന്റിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | കോവിഡ് പ്രതിസന്ധിയിൽ വി.എച്ച്.എസ്.ഇ. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് 2021 ജനുവരി വരെ കാലതാമസം ഉണ്ടായ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠനം ഇനിയുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ എപ്രകാരം ക്രമീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | Vhseevidyalayam യുട്യൂബ് ചാനലിലൂടെയും വിക്ടേഴ്സ് ചാനലിലൂടെയും 2020 ജൂൺ മാസം മുതൽ ഓൺലൈൻ ക്ലാസ്സുകൾ നൽകിയിരുന്നു. ഈ സാഹചര്യത്തിൽ ജനുവരി 31 നുള്ളിൽ ക്ലാസ്സുകൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ